**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1416** **19-09-2025 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിലെ പുതിയ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡിനു ശേഷം മലബാറിന്റെ ടൂറിസം മേഖലയിൽ വേണ്ടത്ര മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കോവിഡിന് ശേഷം മലബാറിന്റെ ടൂറിസം മേഖലയിൽ വലിയ കുതിച്ചുചാട്ടം ഉണ്ടായിട്ടുണ്ട്. കോവിഡിന് മുമ്പ് മലബാർ മേഖലയിൽ 4916986 അഭ്യന്തര ടൂറിസ്റ്റുകൾ ആണ് എത്തിച്ചേർന്നിരുന്നത്. 2024-ൽ അത് 5200826 ആയി വർദ്ധിക്കുകയാണ് ചെയ്തത്. |
| (ബി) | മലബാർ മേഖലയിലെ ടൂറിസം വികസനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | മലബാർ മേഖലയിലെ ബീച്ചുകളുടെ വികസനം സാധ്യമാക്കി ബീച്ച് കോറിഡോർ രൂപപ്പെടുത്താനുള്ള ശ്രമങ്ങൾ നടക്കുകയാണ്. മലബാറിന്റെ സാഹിത്യ പ്രതിഭകളുടെ ഓർമ്മകളെ കോർത്തിണക്കുന്ന ലിറ്ററി സർക്യൂട്ട് രണ്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങളെ സംബന്ധിച്ച രൂപരേഖ സജ്ജമാക്കിയിട്ടുണ്ട്. അത് പരിശോധിച്ച് തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരുന്നു. മലബാറിന്റെ പാരമ്പര്യവും പൈതൃകവും അനാവരണം ചെയ്യുന്ന തരത്തിൽ പൈതൃക പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണനയിൽ ഉണ്ട്. വയനാടിന്റെ ടൂറിസം കേന്ദ്രീകരിച്ച് കൂടുതൽ പ്രചരണ പരിപാടികൾ ആലോചിക്കുന്നു. വെൽനസ് - ഹെൽത്ത് ടൂറിസം മേഖലകളിലെ വികസനത്തിനുള്ള പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്. വാട്ടർ ടൂറിസം, ഇക്കോ ടൂറിസം തുടങ്ങിയ മേഖലകളിലും നവീന പദ്ധതി ആലോചിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ